മി. സ്പീക്കർ: മറുപടി പറയണ്ടേ?.....ശ്രീമതി ബിജിമോൾ..... .....സമയം കഴിഞ്ഞു.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, അങ്ങയുടെ വാശ്വാനം പാലിക്കുന്നതിനും ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും തയ്യാറുള്ള ആളുകളെ മാറ്റിപ്പാർപ്പിക്കുന്നതിനും തയ്യാറാകുമോ?

ശ്രീ. പി. ജെ. ജോസഫ്: സർ, വൈഗ ഡാമിലേക്ക് തമിഴ്നാടിന് വേണമെങ്കിൽ 2000 ക്യൂസെക്സ് വരെ വെള്ളം കൊണ്ടുപോകാം. 1400 ക്യൂസെക്സ് വെള്ളമാണ് ഇപ്പോൾ ഒഴുകിയെത്തുന്നത്. അങ്ങനെ ചെയ്താൽ നമുക്ക് ഇവിടെ തുറന്നുവിടേണ്ട ആവശ്യം വരുന്നില്ല. അക്കാര്യം വീണ്ടും ശക്തമായി ആവശ്യപ്പെടുന്നതാണ്. അവിടെയുള്ള ജനങ്ങളുടെ സുരക്ഷയെ സംബന്ധിച്ച് ഡിസാസ്റ്റർ മാനേജ്മെന്റ് റവന്യൂ വകുപ്പുമായി ഗൗരവമായി ആലോചിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ദേശീയ ജലപാതകൾ

3 (*63) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നദികളെ ബന്ധിപ്പിച്ചുകൊണ്ട് ദേശീയ ജലപാതകൾ വികസിപ്പിക്കാനുള്ള പദ്ധതി നടപ്പാക്കുമ്പോൾ സംസ്ഥാനത്തിന്റെ പൊതുതാല്പര്യം സംരക്ഷിക്കാൻ എന്തൊക്കെ മുൻകരുതലുകൾ സ്വീകരിക്കേണ്ടിവരുമെന്നാണ് കരുതുന്നത്; വ്യക്തമാക്കാമോ;

(ബി) ദേശീയ ജലപാതകളിൽ ഉൾപ്പെടുത്താൻ സംസ്ഥാനം നിർദ്ദേശിച്ചിട്ടുള്ള കനാലുകൾ ഏതൊക്കെയാണ്; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കേന്ദ്രത്തിന്റെ സഹകരണത്തോടുകൂടി ജലപാതകൾ വികസിപ്പിക്കുന്നതിനും, എല്ലായ്പ്പോഴും ഗതാഗതയോഗ്യമാക്കി നിലനിർത്തുന്നതിനുമുള്ള സമഗ്ര പദ്ധതികൾ പരിഗണിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ) ദേശീയ ജലപാതാ ബിൽ 2015-ന്റെ കരടിൽ കേരളത്തിലെ പത്ത് നദികളെ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ നദികളെ ഉൾപ്പെടുത്തിക്കൊണ്ട് ദേശീയ ജലപാതാ വികസന പദ്ധതി നടപ്പിലാക്കുമ്പോൾ നിലവിൽ നദികളിൽ ജലസേചനത്തിനും കുടിവെള്ള പദ്ധതികൾക്കുമായി നിർമ്മിച്ചിട്ടുള്ള തടയണകൾ, റഗുലേറ്ററുകൾ, കിണറുകൾ എന്നിവ പുനർനിർമ്മിക്കേണ്ടതായി വരും. ഇത് ചെലവേറിയതും പ്രായോഗികമായി ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നതുമാണ്. കൂടാതെ നദികളെ ജലപാതാ നിലവാരത്തിലേക്കുയർത്തുമ്പോൾ ആഴം കൂട്ടേണ്ടി വരുന്നതിനാൽ ഉൾപ്രദേശങ്ങളിലേക്ക് ഉപ്പുവെള്ളം കയറുകയും അതുവഴി ജലജന്യ ആവാസ വ്യവസ്ഥയ്ക്ക് കോട്ടം വരുത്തുകയും ചെയ്യും. ഇക്കാര്യങ്ങൾ ചൂണ്ടിക്കാട്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി 27-7-2015-ൽ കേന്ദ്ര സർക്കാരിന് കത്തെഴുതുകയും ആയതിനെത്തുടർന്ന് കേരളത്തിലെ പത്ത് നദികളെ ദേശീയ ജലപാതയായി പ്രഖ്യാപിക്കുന്നതിൽനിന്നും ഒഴിവാക്കിയതായി കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്. അവ താഴെപ്പറയുന്നവയാണ്: കല്ലട, പമ്പ, മണിമല, മീനച്ചിൽ, മൂവാറ്റുപുഴ, ഭാരതപ്പുഴ, കടലുണ്ടിപ്പുഴ, കോരപ്പുഴ, ചാലിയാർ, വളപട്ടണം പുഴ.

(ബി) ദേശീയ ജലപാതയിലുൾപ്പെടുത്താൻ സംസ്ഥാനം നിർദ്ദേശിച്ചിട്ടുള്ള കനാലുകൾ ചുവടെ ചേർക്കുന്നു:

ആലപ്പുഴ	-	ചങ്ങനാശ്ശേരി കനാൽ
ആലപ്പുഴ	-	കോട്ടയം കനാൽ
കോട്ടയം	-	വൈക്കം കനാൽ
		അതിരമ്പുഴ കനാൽ

(സി) കഴിഞ്ഞ വർഷങ്ങളിൽ വിവിധ കേന്ദ്ര ധനസഹായ പദ്ധതികളിൽ ഉൾപ്പെടുത്തി ഉൾനാടൻ ജലപാതയിൽ വിവിധ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. ജലപാതയുടെ പൂർത്തിയായ ഭാഗങ്ങളിൽ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കായുള്ള കേന്ദ്ര ധനസഹായത്തിനുള്ള നിർദ്ദേശം, ഓരോന്നിന്റെയും പ്രായോഗികതയും എസ്റ്റിമേറ്റും പദ്ധതി രൂപരേഖയും തയ്യാറാക്കി സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയറോട് (ജലസേചനവും ഭരണവും) ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്ര സഹകരണം ലഭിക്കുകയാണെങ്കിൽ ജലപാതകൾ വികസിപ്പിക്കുന്നതിനും എല്ലായ്പ്പോഴും ഗതാഗത യോഗ്യമാക്കുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly